# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 47

29/11/2018 ൽ മറുപടിക്ക്

ശബരിമല വനഭൂമിയുടെ ലഭ്യത

ചോദ്യം

ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.പി.ടി.തോമസ്
ശ്രീ.എം.വിൻസെന്റ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ യുവതീപ്രവേശനത്തിന് ഉണ്ടായിരുന്ന നിയന്ത്രണം സുപ്രീംകോടതി എടുത്തുകളഞ്ഞ സാഹചര്യത്തിൽ കൂടുതൽ വനഭൂമി വിട്ട് നൽകണമെന്ന് വനം വകുപ്പിനോട് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ശബരിമലയിൽ യുവതീപ്രവേശനം അനുവദിച്ചുകൊണ്ടുള്ള 28-10-2018 ലെ ബഹു. സുപ്രീംകോടതി വിധി വരുന്നതിന് മുമ്പായി ശബരിമലയുടെ സമഗ്രവികസനത്തിനായി ദേവസ്വം ബോർഡിന് 500 ഏക്കർ വനഭൂമി അനുവദിക്കണമെന്ന് 24-10-2018-ൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ വനം വകുപ്പിന്റെ ഇതുസംബന്ധിച്ചുള്ള പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ഭൂമി അനുവദിക്കുന്നതിനുള്ള അനുകൂലമായ പ്രതികരണം നാളിതുവരെ ഉണ്ടായിട്ടില്ല. |
| (സി) | പെരിയാർ കടുവ സങ്കേതത്തിന്റെ ഭാഗമായ ശബരിമലയിൽ നിന്ന് വനഭൂമി വിട്ട് നൽകുന്നതിന് ദേശീയ വന്യജീവി സംരക്ഷണ ബോർഡ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ദേശീയ കടുവാ സംരക്ഷണ അതോറിറ്റി എന്നിവയുടെ അനുമതി ആവശ്യമാണോ; | (സി) | വനഭൂമി വിട്ട് നൽകുന്നതിന് ദേശീയ വന്യജീവി സംരക്ഷണ ബോർഡ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ദേശീയ കടുവാ സംരക്ഷണ അതോറിറ്റി എന്നിവയുടെ അനുമതി ആവശ്യമാണ്. |
| (ഡി) | സംരക്ഷിത വനമേഖലയായിട്ടുള്ള ശബരിമലയിലെ ജൈവ സമ്പത്തിന്റെ ആരോഗ്യപരമായ നിലനില്പിന് തീർത്ഥാടക നിയന്ത്രണം ആവശ്യമാണെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ടോ; | (ഡി) | തീർത്ഥാടക നിയന്ത്രണം ആവശ്യമാണെന്ന് വനം വകുപ്പ് അറിയിച്ചിട്ടില്ല. |
| (ഇ) | ഉണ്ടെങ്കിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം കൊണ്ടുവരുവാൻ സർക്കാരോ ദേവസ്വം ബോർഡോ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | തീർത്ഥാടക നിയന്ത്രണം കൊണ്ടുവരാൻ ആലോചിക്കുന്നില്ല. ശബരിമലയിൽ എത്തുന്ന എല്ലാ തീർത്ഥാടകർക്കും ദർശനം സാധ്യമാക്കുന്നതിനുള്ള നടപടികളാണ് സർക്കാരും ദേവസ്വം ബോർഡും കൈക്കൊള്ളുന്നത് |

സെക്ഷൻ ഓഫീസർ